# Manifestation of Real Life Experiences – A Study Through the Work of Balachndran Chullikkad

**Kavitha A.K[1], Dr.Sabu.De.Mathew[2]**

*[1]Research Scholar, MGU research Centre, St Thomas College, Pala, Kerala*
*[2]Associate Professor, Department of Malayalam, St Thomas College, Pala, Kerala*
*Email:kavithanaish1980@gmail.com [1], sabudemathew1@gmail.com [2]*

**Article History**

Received: 10 March 2018

Received in revised form: 30 April 2018

Accepted: 15 May 2018

**KEY WORDS:**

human life, love modernism,experiences

**Regional Language (Malayalam)**

**Abstract**

Balachandran Chullikkad is a poet of human life. His writings are strongly based on his own experiences. He was very much close to the modernism and its experiences. The theme of most of his poems are based on personal experiences, life of workers and the poor, hunger, fail of love etc. This essay is mostly exposing how his life experiences turned to poems.

## ജീവിതാനുഭവങ്ങളുടെ കാവ്യസാക്ഷ്യങ്ങൾ
### ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ – കവിതകളെക്കുറിച്ചുള്ള പഠനം.

**കവിത എ.കെ**

*സംഗ്രഹം*

കവിതയുടെ ഉള്ളടക്കത്തെ കരുത്തുറ്റ ജീവിത ചിത്രീകരണമാക്കിയ കവിയാണ് ബാലചന്ദ്രൻ ചുള്ളിക്കാട്. അദ്ദേഹം സ്വജീവിതത്തിലെ യാതനകളെ വ്യക്ത്യനുഭവത്തിന്റേതായ, വീടുവിട്ട് ഇറങ്ങിപ്പോകുന്നവന്റേതായ, ആധുനികന്റെ പ്രയാണമായി കവിതകളിൽ അവതരിപ്പിച്ചു. തൊഴിലാളി വർഗ്ഗത്തോടുള്ള കൂറും, തൊഴിലാളി സംഘടനകളുടെ അഭാവവും ബാലചന്ദ്രന്റെ കവിതകളുടെ മുഖ്യ സ്വഭാവമായിരുന്നു. അതുപോലെ വിശപ്പും ദാരിദ്ര്യവും അദ്ദേഹത്തിന്റെ പല കവിതകളിലേയും മുഖ്യപ്രമേയമായിരുന്നു. ചെറുപ്പത്തിലെ തെമ്മാടിത്തരങ്ങൾ മൂലം വീട്ടിൽനിന്ന് ഇറങ്ങേണ്ടി വന്നതും ഒരുപിടി ചോറിനായി പലരുടേയും മുന്നിൽ യാചിക്കേണ്ടിവന്നതുമായ സ്വജീവിതാവസ്ഥകളാവാം അദ്ദേഹത്തെ ഇതിനു പ്രേരിപ്പിച്ചത്. അങ്ങനെ അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങൾ എങ്ങനെ കാവ്യങ്ങളായി പരിണമിച്ചു എന്ന അന്വേഷണമാണ് ഈ പ്രബന്ധം.

**താക്കോൽ വാക്കുകൾ (Key Words)**

ജീവിതം, ആധുനികന്റെ പ്രയാണം, ജീവിതാനുഭവങ്ങൾ

ISSN-2455-0736 (Print)
ISSN-2456-4052 (Online)

**ആമുഖം**

കവിതയുടെ ഉള്ളടക്കത്തെ കരുത്തുറ്റ ജീവിതചിത്രീകരണമാക്കിയ കവിയാണ് ബാലചന്ദ്രൻ ചുള്ളിക്കാട്. 1970–കളുടെ ഉത്തരാർദ്ധത്തോടുകൂടി അദ്ദേഹം കാവ്യരംഗത്ത് തന്റെ പ്രതിഭ തെളിയിച്ചു തുടങ്ങി. തനത് കാവ്യശൈലിയിലൂടെ തന്നെ അദ്ദേഹം മലയാളസാഹിത്യരംഗത്ത് പ്രശസ്തി നേടി. സ്വജീവിതത്തിലെ യാതനകളെ വ്യക്ത്യനുഭവത്തിന്റേതായ, വീടുവിട്ടിറങ്ങിപ്പോകുന്നവന്റെ അനുഭവ പശ്ചാത്തലങ്ങളിലൂടെ, ആധുനികന്റെ പ്രയാണമായി അദ്ദേഹം കവിതകളിൽ അവതരിപ്പിച്ചു.

തൊഴിലാളി വർഗ്ഗത്തോടുള്ള കൂറും, തൊഴിലാളി സംഘടനകളുടെ അഭാവവും ബാലചന്ദ്രന്റെ കവിതകളുടെ മുഖ്യസ്വഭാവമായിരുന്നു. ഇങ്ങനെ, തൊഴിലാളി വർഗ്ഗത്തോടും പട്ടിണിപ്പാവങ്ങളോടുമുള്ള ദയനീയത കവിയിലെ വിപ്ലവ കാഴ്ചപ്പാട് തെളിയിക്കുന്നു. ‘കൂലിപ്പണിക്കാരന്റെ ചിരി’ എന്ന കവിത ഈ ദർശനങ്ങൾക്ക് ഒരു ഉത്തമ ഉദാഹരണമായി കരുതാം.

അതുപോലെതന്നെ, വിശപ്പും ദാരിദ്ര്യവും മുഖ്യപ്രമേയമായി വരുന്ന കവിതകളിൽ സ്വജീവിതാനുഭവ പശ്ചാത്തലത്തിൽ അദ്ദേഹം രചിച്ചു. ‘അന്നം’ എന്ന കവിത അതിന് ഉത്തമ ഉദാഹരണമാണ്. ചെറുപ്പത്തിലെ തെമ്മാടിത്തരങ്ങൾ മൂലം വീട്ടിൽ നിന്ന് ഇറങ്ങേണ്ടി വന്നതും ഒരുപിടി ചോറിനായി പലരുടെയും മുന്നിൽ യാചിക്കേണ്ടി വന്നതുമായ ജീവിതാവസ്ഥകൾ പ്രമേയമാക്കിയിരിക്കുന്ന ‘യാത്രാമൊഴി’ എന്ന കവിത ബാലചന്ദ്രന്റെ ബാല്യ കൗമാര യൗവ്വന ജീവിതാവിഷ്ക്കാരം നടത്തിയിരിക്കുന്നു. ‘ഒരു കൂലിപണിക്കാരന്റെ ചിരി’, ‘അന്നം’, ‘യാത്രാമൊഴി’, താതവാക്യം, പിറക്കാത്തമകന്, മാപ്പുസാക്ഷി ഈ കവിതകളെ മുൻനിർത്തി, അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങൾ എങ്ങനെ കാവ്യവിഷയങ്ങളായി പരിണമിച്ചു എന്ന അന്വേഷണമാണ് ഈ പ്രബന്ധം.

ബാലചന്ദ്രന്റെ ഈ മൂന്നു കവിതകളും എഴുപതുകളുടെ സംഭാവനയായിരുന്നു. ‘യാത്രാമൊഴി’ എന്ന കവിതയിൽ, വീടും നാടും വിട്ട് പോകേണ്ടിവന്ന കവിയുടെ അവസ്ഥയെ രാമായണകഥയുമായി അന്വയിപ്പിച്ചിരിക്കുന്നു. ഏട്ടൻ പുഴുത്ത പട്ടിക്കു സമം ആട്ടിപ്പുറത്താക്കപ്പെടുമ്പോൾ നിശബ്ദയായി നിന്നു വിതുമ്പിയത് “ഒരീറൻ നിലാവു മിഴിപൊത്തിക്കരഞ്ഞതും ആരോർക്കുവാനിനി?” എന്നു സഹോദരിയുടെ വിലാപം ഹൃദയസ്പർശിയായി അവതരിപ്പിച്ചു.

ബാലചന്ദ്രന്റെ കവിതകളിലെല്ലാംതന്നെ പ്രണയവും മരണവും വിപ്ലവുമെല്ലാം ഒരുപോലെ കേന്ദ്രപ്രമേയങ്ങളായി വർത്തിക്കുന്നു. “ഒരാളെ കവിയാക്കുന്നത് നഷ്ടപ്രണയം, നഷ്ടഭവനം അഥവാ നഷ്ടഗ്രാമം, നഷ്ടവിപ്ലവം ഇവയിലൊന്നോ ഇവയുടെ ചേരുവകളോ ആണെങ്കിൽ ബാലചന്ദ്രനിൽ ആ മൂന്നു നഷ്ടബോധങ്ങളും പ്രവർത്തിക്കുന്നു. എല്ലാറ്റിനും പരദേവതയായി മരണമെന്ന ആ മഹാനഷ്ടവും. ഈ നഷ്ടങ്ങളുടെ അശാന്തിയാണ് ബാലചന്ദ്രന്റെ ഭാവതീവ്രതയുടെ അവിരാമശ്രോതസ്സ്”[1] എന്ന വസ്തുത സച്ചിദാനന്ദൻ വ്യക്തമാക്കിയിട്ടുണ്ട്.

യഥാർത്ഥ പ്രേതദർശനം ബാലചന്ദ്രന്റെ കവിതകളിലുണ്ട്. “പിതാവിന്റെ, സുഹൃത്തുക്കളുടെ, പ്രണയിനികളുടെ, വിപ്ലവകാരികളുടെ പ്രേതങ്ങളാലാവിഷ്ടമാണ് ഈ കവിയുടെ വീടെന്ന്” – സച്ചിദാനന്ദൻ ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകളുടെ അവതാരികയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഈ സങ്കീർണത ‘യാത്രാമൊഴി’ എന്ന കവിതയിലും നിറയുന്നു. ഇവിടെ വീടിന്റെ ഉള്ളിൽ മുഴുവൻ പുകച്ചിലും നീറ്റലുമാണ്. ഇങ്ങനെ പൊറുതിമുട്ടിയ ജീവിതം മടുക്കുമ്പോൾ പുറപ്പെട്ടു പോകൽ മാത്രമാണ് അഭിലഷണീയമെന്ന് ചിന്തിക്കുന്നു.

അന്യനാണെന്ന തിരിച്ചറിവ് സ്വയം ഉണ്ടാവുന്നു. ‘അന്യനാവുക എന്നാൽ ആത്മബോധമുള്ളവനാകുക’ എന്ന പ്രേരണാതത്വം ‘കോളിൻ വിൽസൺ’ നൽകുന്നുണ്ട്. “സ്വാതന്ത്ര്യം, തീരുമാനം, ഉത്തരവാദിത്വം എന്നീ പ്രമേയങ്ങൾക്കു പുറമെ ശൂന്യതാബോധം (എശിശൗേല), പാപബോധം (ഴൗശഹേ), അന്യതാബോധം (മഹശലിമശേീ), നിരാശ (റലുമശൃ), മരണം (റലമവേ) എന്നിവയും അസ്തിത്വദർശനത്തിൽ ആവർത്തിച്ചുവരുന്നുണ്ട്. ‘യാത്രാമൊഴിയിൽ’ ഈ പ്രമേയങ്ങളുടെയെല്ലാം അന്തർധാരണയാണുള്ളത്”[2] പൊരുത്തക്കേടുകൾ മൂലം വീടുപേക്ഷിച്ചു പോകാനുള്ള തീരുമാനമെടുക്കുകയും അങ്ങനെ തന്റെ യഥാർത്ഥ അസ്തിത്വം സംരക്ഷിക്കുവാനുമാണ് – ‘യാത്രാമൊഴി’യിലൂടെ അദ്ദേഹം ശ്രമിക്കുന്നത്. ഈ അസ്തിത്വബോധം മൂലം വീടിന്റെ ഘടനയ്ക്കുള്ളിൽ ഒതുങ്ങി നിൽക്കാൻ കഴിയില്ല. സമൂഹത്തിന്റെ ആധാരശിലകളിലൊന്നായ വീട്ടിൽ നിന്നുമാണ് ഇറങ്ങിപ്പോകുന്നത്. എല്ലാത്തരം സാമൂഹ്യ സ്ഥാപനങ്ങളെയും ഇവിടെ നിരാകരിക്കുന്നു. കുടുംബത്തിൽ നിന്നും ഇറങ്ങിപ്പോകുന്നതോടെ അധികാരഘടനയെതന്നെ നിഷേധിക്കുകയാണ് ചെയ്യുന്നത്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം പിതാവാണ് കുടുബത്തിലെ അധികാരി.

ISSN-2455-0736 (Print)
ISSN-2456-4052 (Online)

'യാത്രാമൊഴി'യിൽ പിതൃനിഷേധം വളരെ തീവ്രമായിത്തന്നെ പ്രയോഗിച്ചിട്ടുണ്ട്. അച്ഛൻ പട്ടടയിൽ കത്തുന്ന രംഗങ്ങൾ അവതരിപ്പിച്ചിരിക്കുന്നത് വളരെ കഠിനം തന്നെ. മനുഷ്യനെ മനുഷ്യനല്ലാതാക്കുന്ന ദുർവ്യവസ്ഥിതിക്ക് എതിരാണ് ഈ കവിത. ബാലചന്ദ്രന്റെ കാവ്യസ്വത്വത്തിന്റെ പ്രകാശനമായി ഈ കവിതയെ ദർശിക്കാം. കവിതയിലെ വൈവിധ്യസ്വരൂപങ്ങളെ അദ്ദേഹം സ്നേഹവിദ്വേഷകലുഷമായൊരന്തർനാദമാക്കി മാറ്റിയിരിക്കുന്നു. അതിനെക്കുറിച്ച് ബാലചന്ദർ ചുള്ളിക്കാട് എഴുതിയിട്ടുള്ളത്: – "എന്നെക്കുറിച്ച് എഴുതുമ്പോൾ ഞാൻ മനുഷ്യനെക്കുറിച്ചു തന്നെയാണ് എഴുതുന്നത്. ഞാനായി വെളിച്ചപ്പെടുന്ന മനുഷ്യൻ ആരാകുന്നു? തനിക്കുവേണ്ടി തന്നോടുതന്നെ പോരാടുന്ന ആ ഭ്രാന്തൻ പോരാളി. കൊന്നുതിന്നുന്ന വയെച്ചൊല്ലി കണ്ണീരൊഴുക്കുന്ന കിഴട്ടുമുതല. സ്വന്തം പുണ്ണുകാട്ടി അന്യരുടെ കരുണയ്ക്ക് കേഴുന്ന യാചകൻ. സ്വയം ഒറ്റുകൊടുക്കുന്ന കോമാളി. സ്വന്തം രക്തവില കൊണ്ട് ചാവുനിലം വാങ്ങിയ ശപ്ത പ്രവാചകൻ. അവനോടുതന്നെ കുറ്റം ചെയ്യുന്ന വിചിത്രസ്വഭാവിയായ കുറ്റവാളി. ദൈവത്തിന്റെ പിടികിട്ടാപ്പുള്ളി"[3] മനുഷ്യരെല്ലാം മൃഗങ്ങളോ യന്ത്രങ്ങളോ ആയി മാറുന്ന വർത്തമാനകാലത്തിന്റെ നേർ സാക്ഷ്യമാണ് അദ്ദേഹം കവിതയിലൂടെ അവതരിപ്പിച്ചത്.

"മിഴിനാരുകൊണ്ടെന്റെ കഴലുകെട്ടാതെ"

(യാത്രാമൊഴി – പതിനെട്ടുകവിതകൾ)

പുറത്താക്കപ്പെടുന്ന പുത്രന്റെ നേർക്കുള്ള അമ്മയുടെ സ്നേഹപ്രകടനവും അതുമൂലം അവനുണ്ടാകുന്ന ദുഃഖവും ഈ വരിയിലൂടെ വ്യംഗ്യമായി അവതരിക്കപ്പെട്ടിരിക്കുന്നു.

"ഒരീറൻ നിലാവു മിഴി പൊത്തിക്കരഞ്ഞതും" –

(യാത്രാമൊഴി – പതിനെട്ടുകവിതകൾ)

ജ്യേഷ്ഠസഹോദരനെ വീട്ടിൽ നിന്നും ആട്ടിപ്പുറത്താക്കപ്പെടുമ്പോഴുള്ള പെങ്ങളുടെ ദുഃഖം ഇവിടെ ദ്യോതിപ്പിച്ചിരിക്കുന്നു. അമ്മയുടെയും സഹോദരിയുടെയും വിങ്ങുന്ന മനസ്സ് ഇവിടെ വളരെ ഹൃദ്യമായി തന്നെ അവതരിപ്പിച്ചിരിക്കുന്നു. രണ്ടു വരികളിലും അതിശയോക്തി കൂടാതെ 'മിഴി' എന്ന പ്രയോഗം വളരെ യോജിച്ച് പ്രവർത്തിക്കുന്നു.

രാമായണകഥാ സന്ദർഭവുമെല്ലാം ഈ കവിത ബന്ധപ്പെട്ടു നിൽക്കുന്നു.

"പതിന്നാലു സംവത്സരം നഗരകാന്താരസീമകളിൽ വാഴാതെ വയ്യ."

ദശരഥസത്യം അനുസരിക്കാൻ ബാധ്യസ്ഥനായ, രാമൻ അതു നിറവേറ്റുന്നു. അതുപോലെ കവിയും തന്റെ ഉഗ്രശാസനായ പിതാവിന്റെ ആജ്ഞയെ അനുസരിക്കുകയാണ്. രാമന്റെ വനവാസം ദുഷ്ടനിഗ്രഹത്തിനായും ശിഷ്ടരക്ഷയ്ക്കായുമുള്ളതാണ്.

രാമന്റെ കർമ്മനിഷ്ഠമൂലം കാടിന്റെ കാഠിന്യത്തെ മധുരാനുഭവമാക്കി മാറ്റിയിരിക്കുന്നു. കവിയാകട്ടെ ലോകതക്ഷേമത്തിനുവേണ്ടി സാമൂഹ്യജീവിതാനുഭവത്തിന്റെ ചുഴിയിലേക്ക് ഇറങ്ങിച്ചെന്ന് അതിനെ കവിതയിലേക്കാവാഹിച്ചിരിക്കുന്നു.

'ദൈവങ്ങൾ ഉപരിവർഗ്ഗത്തിന്റെ മിഥ്യ'യാണെന്ന് വസ്തുതയാണ് 'ഒരു കൂലിപ്പണിക്കാരന്റെ ചിരി' എന്ന കവിതയിൽ നിന്നും ലഭിക്കുന്നത്. നിസ്വാർത്ഥനായ തൊഴിലാളിയുടെ കഷ്ടപ്പാടു നിറഞ്ഞ ജീവിതവും പക്വതയാർജ്ജിച്ച ചിന്തകളും അടങ്ങുന്നതാണീ കവിത. കൂലി കൂടുതൽ ലഭിക്കുന്നതിനായി സമരം നടത്തുന്ന കൂലിപ്പണിക്കാരനെ മറ്റുതൊഴിലാളികളും അടങ്ങുന്നതാണ് കവിതാസന്ദർഭം.

'ഒരു ദിനം മാലയും
കരിമുണ്ടുമായി നീ
ശരണം വിളിച്ചു കൊണ്ടെത്തി
കലി കയറി നിന്നോടു
ചൊല്ലി ഞാൻ "ദൈവങ്ങ-
ളുപരിവർഗ്ഗത്തിന്റെ മിഥ്യ."

മാലയിട്ട് കറുപ്പുമണിഞ്ഞ് മലയ്ക്കുപോകാനൊരുങ്ങുന്ന കൂലിപ്പണിക്കാരനോട് "ദൈവങ്ങളുപരിവർഗ്ഗത്തിന്റെ മിഥ്യ"യാണെന്ന സ്വഭിപ്രായം കവി വ്യക്തമാക്കുകയാണ്. സമരത്തിൽക്കൂടി മാത്രമേ തൊഴിലാളിക്ക് നേട്ടങ്ങൾ കൊയ്യാനാവൂ എന്ന വസ്തുതയാണ് അദ്ദേഹം നൽകുന്നത്. ജീവിത പാഠവും അനുഭവതീക്ഷ്ണതയും ഒരു വിപ്ലവോന്മുഖനായ തൊഴിലാളിയെ ഭക്തിയുടെ വഴിയേ സഞ്ചരിക്കാൻ പര്യാപ്തമാക്കി

ISSN-2455-0736 (Print)
ISSN-2456-4052 (Online)

യിരിക്കുന്നു.

‘കുഞ്ഞേ ചെറുപ്പത്തി–
ലിതിലപ്പുറം തോന്നും
എന്നോളമായാലടങ്ങും’

ഈ പരിഹാസശബ്ദം കവിയെ ആഴത്തിൽ സ്പർശിക്കുകയാണ്. ഗൂഢമായി ഒന്നു ചിരിക്കുക മാത്രം ചെയ്ത്, കവിയുടെ ചോദ്യത്തിന് ഉത്തരം ഉരിയാടാതെ തൊഴിലാളി ശരണം വിളിച്ചുപോകുകയാണ്. ഗൂഢമായ ആ ചിരിയുടെ പൊരുൾ കവിയ്ക്ക് ഒരിക്കലും കണ്ടെത്താനായില്ല. ഈ കവിതയിലും അദ്ദേഹം സാമൂഹ്യപശ്ചാത്തലത്തിലേക്കിറങ്ങി യാത്ര ചെയ്യുന്നു.

‘പിറക്കാത്ത മകന്’ എന്ന കവിതയിൽ ഗർഭിണിയായ അദ്ദേഹത്തിന്റെ ഭാര്യ വിജയലക്ഷ്മിയെ ഭ്രൂണഹത്യയ്ക്ക് വിധേയയാക്കുമ്പോഴുള്ള, പിതാവിന്റെ സമ്മതപത്രം ഒപ്പിടുമ്പോഴുള്ള, മാനസികാവസ്ഥയിലൂടെ കടന്നുപോകുന്നു. അനുഭവിച്ച ജീവിത ദുഃഖങ്ങളൊക്കെയും സമകാലികാവസ്ഥകളുമായി ബന്ധിപ്പിച്ച് കാവ്യരചന നിർവ്വഹിക്കുന്നതിൽ അദ്ദേഹം വഹിച്ചു പങ്കിന് ഈ കവിത തെളിവാണ്.

“മുൾക്കുരിശേന്തി മുടന്തുമ്പോഴെന്നെ നീ
ക്രൂദ്ധമൗനത്താൽ വിചാരണ ചെയ്തിടാം.”

ലോകത്തു നിന്നു തന്നെ തന്റെ മകനെ ഇല്ലായ്മ ചെയ്തതിലുള്ള മനസ്സിന്റെ താളം തെറ്റൽ മൗനപ്രാർത്ഥനയായി ഇവിടെ അവതരിപ്പിച്ചിരിക്കുന്നു.

‘അമാവാസി’ എന്ന കവിതയിൽ പിതൃപുത്രബന്ധത്തിന്റെ വൈരുദ്ധ്യകല്പനകൾ അവതരിപ്പിച്ചിരിക്കുന്നു. അതുപോലെ തന്നെ പിൽക്കാലത്തുണ്ടായ താതവാക്യം. പിറക്കാത്തമകന് എന്നീ കവിതകൾ ഇതിനു സമാനമാണ്. കവി, തന്റെ ദാരിദ്ര്യാവസ്ഥ ആവിഷ്ക്കരിച്ചിരിക്കുന്ന കവിതയാണ് ‘അന്നം’.

“കൂടൽ മാണിക്യത്തിലെ സദ്യ നീയുണ്ടിട്ടുണ്ടോ?
പാടി ഞാൻ പുകഴ്ത്താം, കെങ്കേമമാപ്പുളിങ്കറി”

പട്ടിണികൊണ്ടു പൊറുതിമുട്ടിയ കവി ഒരു ദിനം മഹാകവിയായ വൈലോപ്പിള്ളിയുടെ വീട്ടിൽ എത്തിച്ചേരുന്നു. ചോറും മോരും അച്ചാറും കൂട്ടിക്കുഴച്ച് വയറുനിറയെ അവിടെനിന്നും ഉണ്ണുന്നു. ‘ഈ ചെക്കനെ ആരു പെറ്റതാണാവോ? എന്ന മഹാകവിയുടെ സഹതാപത്തിന് മറുപടിയായി ബാഹുകസമാനമായ ജീവിതം നയിക്കുന്ന അവിടുത്തെ ജാതകം മഹാകേമം തന്നെ എന്നും ഉള്ള അഭിപ്രായങ്ങൾ കവിതയിൽ അനുഭവൈകൃത്തോടെ തന്നെ വ്യക്തമാക്കിയിരിക്കുന്നു. ദാരിദ്ര്യം മനുഷ്യരെ കൊണ്ടെത്തിക്കുന്ന അവസ്ഥാ വ്യതിയാനങ്ങൾ ഇവിടെ സൂചിപ്പിച്ചിരിക്കുന്നു.

ചെറുപ്പം മുതലേതന്നെ പല കാരണങ്ങൾ കൊണ്ട് അച്ഛനെ വെറുക്കുന്നു. പുത്രന്റെ രാത്രി സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ആത്മകഥ വിവരിക്കുന്ന പരേതനായ പിതാവിനെയാണ് ‘താതവാക്യം’ എന്ന കവിതയിൽ കാണാൻ കഴിയുന്നത്. “അമാവാസിയുടെ ജൈവികവളർച്ചയാണ് താതവാക്യം. അമാവാസിയിലെ ദർശനത്തിന്റെ അപൂർണത താതവാക്യം പൂരിപ്പിക്കുന്നു. പീഡാസക്തനായ പിതൃബിംബത്തെ കൈയൊഴിക്കാൻ നിവൃത്തിയില്ലാതാകുന്ന തരളചിത്തനായ മകനെ കവി അമാവാസിയിൽ കാഞ്ഞിരത്തടിയിൽ കൂച്ചുചങ്ങലക്കിടുന്നു. പ്രേതരൂപിയായ പിതൃസാന്നിധ്യത്തെ ഇരുട്ടിന്റെ ഇടനാഴികളിൽ അലഞ്ഞു തിരിയാൻ വിടുകയും ചെയ്യുന്നു. പ്രേതരൂപിയുടെ ഈ നിരന്തരസാന്നിധ്യത്തെ ഉച്ചാടനം ചെയ്യാനാവാതെ വർഷങ്ങളോളം ഒരു പ്രമേയ സാന്നിധ്യമായി അത് കവിയെ പിൻതുടർന്നിരിക്കണം”[4]

ഒരു കൊലപാതകിയുടെ സ്വയം വിചാരണയുടെ അടിസ്ഥാനത്തിൽ രചിച്ച ‘മാനസാന്തരം’ എന്ന കവിതയിൽ ജീവിതകാമനകളും ധൂർത്തും മൂലം ചെയ്ത കൊടിയ പാപങ്ങൾക്കുള്ള ശിക്ഷാവിധിക്കായി തെറ്റുകൾ ഏറ്റുപറയുന്ന ശാന്തനായ വ്യക്തിയെയാണ് കാണാൻ കഴിയുന്നത്. പരനിഗ്രഹം ചെയ്തതിലൂടെയാണ് അയാളുടെ ആത്മശാന്തി കൈവിട്ടത്.

പരനിഗ്രഹം ചെയ്യാൻ മടിക്കാത്ത കൊലയാളി, ചെറുപ്പത്തിൽ പരപീഡ നടത്തുമ്പോൾ തടഞ്ഞ അമ്മയെ ഓർമ്മിക്കുന്നു. “ഭീതി മുഴങ്ങുന്ന ഏകാന്ത രാത്രിയുടെ പശ്ചാത്തലവും അമ്മയെക്കുറിച്ചുള്ള ഓർമ്മകളുമാണ്. ശാന്തിയെ സംബന്ധിച്ച ദാർശനിക ചിന്തകളിലേക്ക് കഥാപാത്രത്തെ നയിക്കുന്നത്. ആയതിനാൽ രാത്രിയുടെ പശ്ചാത്തലവും അമ്മയെ സംബന്ധിച്ച ഓർമ്മകളും കവിതയിൽ രസാനുഭൂതിയെ പോഷിപ്പിക്കുന്ന ഉദ്ദീപനവിഭാവങ്ങളായി വർത്തിക്കുന്നു എന്നു പറയാം.”[5] മാതൃശബ്ദത്തെ കവി പരമമായ ആർദ്രതയോടെ തന്നെ സമീപിച്ചിരിക്കുകയാണ്. കവിയുടെ ബാല്യകൗമാരകാലഘട്ടവും മാതൃത്വം ചെലുത്തിയ

ISSN-2455-0736 (Print)
ISSN-2456-4052 (Online)

വിശ്വാസവും ഈ ഘട്ടത്തിൽ അനുഭവവേദ്യമാകുന്നു.

മർദ്ദിതരുടെ പക്ഷത്ത് നിലയുറപ്പിച്ചുകൊണ്ടാണ് ബാലചന്ദർ കവിതകളെഴുതി തുടങ്ങിയത്. അന്നു നിലനിന്ന രാഷ്ട്രീയ സംസ്കാരങ്ങൾക്കനുസൃതമായി മനുഷ്യസ്വാതന്ത്ര്യത്തെക്കുറിച്ച് പൂർണ്ണ അവബോധത്തോടെ തന്നെയുള്ളതാണ് അദ്ദേഹത്തിന്റെ കാവ്യങ്ങളൊക്കെയും. വെറും കാഴ്ചക്കാരനായി മാത്രം മാറുകയാണിവിടെ കവി. കവിതയിൽ വക്താവ് അനുഭവിക്കുന്ന കുറ്റബോധവും, സംഘർഷങ്ങളും കവിയുടേതു തന്നെയാണ്.

"താനൊരു തൊഴിലാളി വർഗ്ഗാംഗമാണെന്ന് ഒരു നിമിഷം പോലും ഈ കവി തെറ്റിദ്ധരിക്കുകയോ, തെറ്റിദ്ധരിപ്പിക്കുകയോ ചെയ്യുന്നില്ല. തന്റെ മധ്യവർഗ്ഗോത്പത്തിയെക്കുറിച്ചും അതിലടങ്ങിയ സംഘർഷത്തെക്കുറിച്ചും ഇയാൾക്കു ബോധ്യമുണ്ട്. വലിയ പരീക്ഷണഘട്ടങ്ങളെഅതിജീവിക്കാനാകുമോ, എന്നുറപ്പില്ലാത്ത ഒരനുഭാവിയുടെ സഹാനുഭൂതിയും സംശയവും സങ്കടവും"[6] (സച്ചിദാനന്ദൻ, 2011, പുറ: 272) എല്ലാം ഈ കവിതയിൽ കണ്ടെത്താൻ കഴിയും.

"രണ്ടു സംഭാഷണം മാത്രം, തിരശ്ശീല
പൊന്തുന്നതിനുമുമ്പ് തീരുന്നു നാടകം
'ഞാൻ നിന്നെ സ്നേഹിക്കുന്നു.
'ഫ' (ബാലചന്ദ്രൻ ചുള്ളിക്കാട്, 201, പുറം – 65)

"വാക്കിന്റെ അർത്ഥത്തെക്കാൾ മനോഭാവത്തിന്റെ പ്രകാശനത്തിനാണിവിടെ പ്രാധാന്യം. ജീവിത നാടകത്തിൽ തനിക്കെന്നും ഏറ്റുവാങ്ങേണ്ടി വരുന്ന തിരസ്ക്കാരത്തെ ആട്ടലിന്റെ ഞെട്ടിക്കുന്ന സ്വരത്തിലൂടെ അനുവാചകസമക്ഷം കവി അതരിപ്പിക്കുന്നു"[7] എന്ന് ആധുനികാനന്തര കവിതയ്ക്കെഴുതിയ ലേഖനത്തിൽ സൂചിപ്പിച്ചിരിക്കുന്നു. ആധുനികമനുഷ്യന്റെ സംഘർഷഭരിതമായ ജീവിതവും കവിത ഉൾക്കൊള്ളുന്നു.

**ഉപസംഹാരം**

എഴുപതുകളുടെ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളിൽ നിന്നും കാല്പനിക കാവ്യ സങ്കല്പങ്ങളെ മോചിപ്പിച്ച് യൗവ്വനയുക്തമായി അവതരിപ്പിച്ച് മലയാളകവിതയിൽ വൈരുദ്ധ്യമേറിയ ശൈലിയിൽ കവിതകളെഴുതിയാണ് ബാലചന്ദ്രൻ ചുള്ളിക്കാട് കാവ്യരംഗത്ത് നിലയുറപ്പിച്ചത്. മലയാളകാവ്യലോകത്ത് സ്വന്തമായ ഒരു ഭാവമണ്ഡലം തന്നെ തുറക്കുവാൻ ചുള്ളിക്കാടിനു കഴിഞ്ഞിട്ടുണ്ട്. ഡോ.രതി 'പ്രതിഭയുടെ സർപ്പസാന്നിദ്ധ്യം' എന്ന പഠനത്തിൽ അവതരിപ്പിച്ചിരിക്കുന്നത് ആധുനിക കവി എന്ന വിശേഷണത്തിന് സമ്പൂർണ്ണമായി ചുള്ളിക്കാട് അർഹനല്ല എന്നു തന്നെ. കാരണം അദ്ദേഹം നവകാല്പനികതയിലേക്ക് തിരിച്ചുപോക്ക് നടത്തുന്നതായി 'മാനസാന്തരം' പോലുള്ള കവിതകൾ തെളിവുതരുന്നുണ്ട്.

തന്റെ ജീവിതാനുഭവങ്ങളുമായി കോർത്തിണക്കി കാവ്യവിഭവങ്ങളെ യാഥാർത്ഥ്യമാക്കിതീർക്കുകയാണ് അദ്ദേഹം ചെയ്തിട്ടുള്ളത്. 'യാത്രാമൊഴി', 'പിറക്കാത്ത മകനന്', 'താതവാക്യം'. ഈ കവിതകളിലെല്ലാം സ്വജീവിത പശ്ചാത്തലങ്ങളെല്ലാം ഉചിതമായ പദപ്രയോഗങ്ങളിലൂടെ പ്രമേയമായവതരിപ്പിച്ചിരിക്കുന്നു.

അനുഭവങ്ങളെ ദൃക്സാക്ഷിയായ ഒരാളുടെ വർത്തമാനകാലാവസ്ഥകളായി രേഖപ്പെടുത്തിയാണ് ചുള്ളിക്കാട് ആവിഷ്ക്കരിച്ചിരിക്കുന്നത്. സാധാരണമായ പദങ്ങളെ അദ്ദേഹം തന്റെ പ്രയോഗങ്ങളിലൂടെയും, നിർമ്മിതികളിലൂടെയും സൂക്ഷ്മമായി അവതരിപ്പിക്കാനുള്ള കഴിവ് തന്റെ കവിതകളിലൂടെ തെളിയിച്ചു. ചുള്ളിക്കാടിന്റെ കവിതകളിലെല്ലാംതന്നെ ഒരു വ്യക്തിയുടെതന്നെ കാഴ്ചപ്പാടിലൂടെ സംഭവങ്ങൾ വിലയിരുത്തപ്പെടുന്നു. കവിതകളിലെ പ്രയോഗ വൈചിത്ര്യങ്ങൾ ചുള്ളിക്കാടിന്റെ കാവ്യങ്ങളിൽ ഏതു വിധത്തിലാണ് സൂക്ഷ്മമായി അപഗ്രഥിച്ചിരിക്കുന്നതെന്ന് ഈ പഠനം തെളിയിച്ചിരിക്കുന്നു.

## കുറിപ്പുകൾ/ സഹായഗ്രന്ഥങ്ങൾ

1 ബാലചന്ദ്രൻചുള്ളിക്കാട്, ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകൾ, അവതാരിക (സച്ചിദാനന്ദൻ), ഡി. സി. ബുക്ക്സ്, 2000, പേജ് 17–18.

2 ഡോ. ടി.കെ. സന്തോഷ്കുമാർ, തരിശുനിലത്തിലെ കാവ്യസഞ്ചാരികൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,

തിരുവനന്തപുരം, 2012, പേജ് – 124.

3 ഡോ. ടി.കെ. സന്തോഷ്കുമാർ, തരിശുനിലത്തിലെ കാവ്യ സഞ്ചാരികൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2012, പേജ് –127.

4 മാതൃഭൂമി, 2015 മാർച്ച് 20–26, 1180 മീനം 6–12, പുസ്തകം – 83, ലക്കം – 3, പേജ് – 54.

5 പ്രകാശ്ബാബു പി.വി, സാഹിത്യലോകം, 2004 നവംബർ – ഡിസംബർ, കേരള സാഹിത്യഅക്കാദമി, തൃശ്ശൂർ, പുസ്തകം 30, ലക്കം – 6, പേജ് – 94.

6 സച്ചിദാനന്ദൻ, 2011, മലയാളകവിതാപഠനങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

7 എഡി: ഡോ. തോമസ് സ്കറിയ, ആധുനികാനന്തര കവിത, അസെൻഡ് പബ്ലിക്കേഷൻസ്, നവം– 2014, പേജ് – 56.

## BIBLIOGRAPHY

1. Balachandran Chullikadu.(2000). *Poem's of Balachandran Chullikadu* (introduction Sachidhanandan). Kottayam: DC Books. 17 – 18.
2. Dr. T.K Santhosh Kumar. (2012). *Poetic riders of wasteland.* Thiruvanthapuram: Kerala Bhasha Institute. 124
3. Dr. T.K Santhosh Kumar. (2012). *Poetic riders of wasteland*. Thiruvanthapuram: Kerala Bhasha Institute. 27
4. Prakash Babu P .V. (2004). *World of Literature*. Vol 30(6). Thrissur: Kerala Sahithya Academy. 94
5. Sachidhanandan (2011). *Study of Malayalam poems*. Kozhikode: Mathrubhumi Books.
6. Dr.Thomas Scaria (Editor). (2014). *Post modern poems*. Kottayam: Ascend Publications. 2014.56.